# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിരണ്ട്

## മതത്തിൽ അന്ധരായവരുടെ ആവശ്യം– ജീവന്റെ കാഴ്ചയും ജീവന്റെ മേയിപ്പും

## (2)

നാം ഇപ്പോൾ യോഹന്നാൻ 10-ലേക്ക് വരുന്നു. ഇത് വളരെ ശ്രദ്ധേയമായ ഒരു അദ്ധ്യായമാണ്, ഇത് തെറ്റിദ്ധരിക്കപ്പെട്ട അദ്ധ്യായവുമാണ്. ഈ അദ്ധ്യായം വാസ്തവത്തിൽ ഒമ്പതാം അദ്ധ്യായത്തിന്റെ തുടർച്ചയാണ്. "കുരുടന്റെ കണ്ണു തുറക്കുവാൻ ഒരു ഭൂതത്തിനു കഴിയുമോ?"എന്ന ചോദ്യം ഉള്ളതിനാൽ ഇത് മനസ്സിലാക്കുവാൻ 21-ാം വാക്യം നമ്മെ സഹായിക്കുന്നു. രണ്ട് അദ്ധ്യായങ്ങളും ജന്മനാ അന്ധനായവനെ സംബന്ധിച്ച കാര്യത്തിന്റെ വിവരണത്തിൽ കേന്ദ്രീകരിക്കുന്നു. ഈ അദ്ധ്യായത്തിലെ ചിന്ത ആഴമുള്ളതാണ്. മനസ്സിലാക്കുവാൻ എളുപ്പമാണെന്ന് പുറമേ തോന്നുമെങ്കിലും, വാസ്തവത്തിൽ ഈ ഉപമ അഥവാ ദൃഷ്ടാന്തം മനസ്സിലാക്കുവാൻ എളുപ്പമല്ല. പള്ളിയിൽനിന്ന് യെഹൂദന്മാർ പുറത്താക്കിയ അന്ധനായ മനുഷ്യനെ അവൻ സൗഖ്യമാക്കിയതിനു തൊട്ടുപിന്നാലെ കർത്താവ് ഈ ദൃഷ്ടാന്തം കൊണ്ടുവന്നു. അതുകൊണ്ട് ഈ സംഭവം, ആലയെ സംബന്ധിച്ച ഉപമയ്ക്ക് പശ്ചാത്തലമായിത്തീർന്നു.

## II. മതത്തിന് പുറത്തുള്ള വിശ്വാസികൾക്കായുള്ള ജീവന്റെ മേയ്പ്

### A. ആലയും വാതിലും ആടുകൾക്കുള്ള മേച്ചിൽപ്പുറവും

ഈ ഉപമയിൽ ആലയ്ക്കുള്ള പ്രാധാന്യം നാമിപ്പോൾ പരിഗണിക്കണം. ആലയെ നിർവ്വചിക്കുക എളുപ്പമല്ല. വേദപുസ്തകത്തെയും പ്രത്യേകിച്ച് സുവിശേഷങ്ങളെയും കുറിച്ച് കുറച്ചൊക്കെ, ഒരുപക്ഷേ, നിങ്ങൾക്ക് അറിയാമായിരിക്കും. ഒരുപക്ഷേ, സുവിശേഷങ്ങളിലെ

കഥകളെക്കുറിച്ച് സൺഡേസ്കൂളിൽ വച്ച് ചെറുപ്പം മുതൽ നിങ്ങളോട് പറഞ്ഞിട്ടുണ്ടായിരിക്കാം. ഒരുപക്ഷേ നിങ്ങൾ സെമിനാരിയിൽനിന്ന് ബിരുദം നേടിയിട്ടുണ്ടായിരിക്കാം. ഞാൻ നിങ്ങളോട് ഈ ചോദ്യം ചോദിക്കട്ടെ: ആലയെക്കുറിച്ച് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു? ഈ കാര്യത്തെക്കുറിച്ച് നിങ്ങളെ എന്താണ് പഠിപ്പിച്ചിട്ടുള്ളത്? ഈ ഉപമയുടെ രഹസ്യം തുറക്കുന്നതിനുള്ള താക്കോൽ ആല എന്നതിന്റെ അർത്ഥത്തെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു.

### *1. ആല, ന്യായപ്രമാണത്തെ അഥവാ ന്യായപ്രമാണമുള്ള മതമായ യെഹൂദമതത്തെ സൂചിപ്പിക്കുന്നു*

ആല, അതിന്റെ മെച്ചപ്പെട്ട പ്രയോഗത്തിൽ, പഴയനിയമന്യായപ്രമാണത്തെ സൂചിപ്പിക്കുന്നു, എന്നാൽ അതിന്റെ പൊതുവായതും സാധാരണവുമായ പ്രയോഗത്തിൽ ന്യായപ്രമാണത്തിന്റെ മതമായ യെഹൂദമതത്തെ സൂചിപ്പിക്കുന്നു. ആദിയിൽ, ക്രിസ്തുവിന്റെ ഒന്നാം വരവിന് മുമ്പ് ദൈവം യിസ്രായേൽ ജനത്തിന് തന്റെ ന്യായപ്രമാണം നൽകി. അവർക്ക് ന്യായപ്രമാണം നൽകിയതിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു? അവർ അത് പാലിക്കുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നുവോ? ഇല്ല, അവന്റെ ഉദ്ദേശ്യം അതായിരുന്നില്ല. ന്യായപ്രമാണം നൽകിയതിലെ ദൈവത്തിന്റെ ഉദ്ദേശ്യം ഗലാത്യർ 3:23-26 വെളിപ്പെടുത്തുന്നു."വിശ്വാസം വരുംമുമ്പെ നമ്മെ വെളിപ്പെടുവാനിരുന്ന, വിശ്വാസത്തിന്നായിക്കൊണ്ട് ന്യായപ്രമാണത്തിൻ കീഴിൽ അടച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു."ക്രിസ്തുവിലുള്ള വിശ്വാസം വരുന്നതിനു മുമ്പ്, നാം ന്യായപ്രമാണത്തിൻ കീഴിൽ സൂക്ഷിക്കപ്പെട്ടിരുന്നു. അതായത്, ഒരു ആലയിൽ, ആടുകൾ എന്നപോലെ നാം സൂക്ഷിക്കപ്പെട്ടിരുന്നു."സൂക്ഷിക്കപ്പെട്ടിരുന്നു"എന്ന് ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം "അടയ്ക്കപ്പെട്ടിരുന്നു" എന്നാണ്. വിശ്വാസം വരുന്നതിനു മുമ്പ്-അതായത് ക്രിസ്തു വരുന്നതിനു മുമ്പ്- ദൈവം തിരഞ്ഞെടുത്ത ജനം ന്യായപ്രമാണത്തിൻ കീഴിൽ അടയ്ക്കപ്പെട്ടിരുന്നു. അവർ ന്യായപ്രമാണത്തിൻ കീഴിൽ"അടച്ചുപൂട്ടപ്പെട്ടിരുന്നു."ഒരു പ്രത്യേക വിഭാഗത്തിൽ സംരക്ഷണത്തിലോ പ്രത്യേക പരിചരണത്തിൻ കീഴിലോ സൂക്ഷിക്കപ്പെട്ടിരുന്നു എന്നർത്ഥമുള്ള"അടയ്ക്കപ്പെട്ടിരുന്നു"എന്നത് ഗ്രീക്കിൽ ഒരു പ്രത്യേക പദമാണ്. അതിന്റെ അർത്ഥം അധീനതയിൽ അഥവാ പ്രത്യേക സംരക്ഷണത്തിൽ ഒരു മുറിയിൽ കാക്കപ്പെടുക എന്നാണ്. ഉദാഹരണത്തിന്, ഒരു കുടുംബത്തിലെ മാതാപിതാ

ക്കന്മാർ മരിച്ചുപോയാൽ, കുട്ടികളെ അവരുടെ അമ്മായിയുടെയോ അമ്മാവന്റെയോ സംരക്ഷണയിൽ ആക്കിയേക്കാം. അതായത്, അവർ മറ്റു ചിലരുടെ പരിചരണത്തിൻ കീഴിൽ ആക്കപ്പെടുന്നു. ക്രിസ്തുവിലുള്ള വിശ്വാസം വരുന്നതിനു മുമ്പ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എങ്ങനെ ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൻ കീഴിൽ ആക്കപ്പെട്ടിരുന്നു എന്ന് ഇത് കാണിക്കുന്നു."വിശ്വാസത്തിനുള്ള തയ്യാറെടുപ്പിനുവേണ്ടി"എന്ന് മെച്ചമായി ഭാഷാന്തരം ചെയ്യാവുന്ന "വിശ്വാസത്തിലേക്കായി,"ന്യായപ്രമാണം ദൈവത്തിന്റെ ജനത്തെ സംരക്ഷണയിൻ കീഴിൽ സൂക്ഷിച്ചു."ന്യായപ്രമാണം ക്രിസ്തുവിലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു"എന്ന് ഗലാത്യർ 3:24 പറയുന്നു. വാസ്തവത്തിൽ, ആധികാരിക വിവർത്തനത്തിലെ ഈ വാക്യത്തിന്റെ ഭാഷാന്തരം മതിയായതല്ല. ഗ്രീക്ക് മൂലഗ്രന്ഥത്തിൽ ഇതിനർത്ഥം നമ്മുടെ സ്കൂളദ്ധ്യാപകനായ ക്രിസ്തുവിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുവരുന്ന നമ്മുടെ അടിമയായിരുന്നു ന്യായപ്രമാണം എന്നാണ്. പുരാതനകാലത്ത് സമ്പന്ന യെഹൂദ കുടുംബങ്ങളിലെ കുട്ടികളെ അദ്ധ്യാപകന്റെ അടുത്തേക്ക് പരിശീലനം സിദ്ധിച്ച അടിമ അനുഗമിച്ചിരുന്നു. അതുപോലെ, ക്രിസ്തുവിലേക്ക് നമ്മെ കൊണ്ടുവരുന്ന അടിമയായി ന്യായപ്രമാണം പ്രവർത്തിച്ചു. സ്കൂളദ്ധ്യാപകനായ ക്രിസ്തുവിലേക്ക് കൊണ്ടുവരപ്പെടുന്നതിനു മുമ്പ്, നാം ന്യായപ്രമാണമെന്ന അടിമയുടെ പരിപാലനത്തിൻ കീഴിൽ ആയിരുന്നു. നമ്മെ പരിപാലിക്കുവാനും ക്രിസ്തുവിലേക്ക് കൊണ്ടുവരുവാനും ന്യായപ്രമാണത്തെ പിതാവായ ദൈവം ഉപയോഗിച്ചു. ക്രിസ്തു വരുന്നതിനു മുമ്പ്, നാം നമ്മുടെ സൂക്ഷിപ്പുകാരനായ ന്യായപ്രമാണത്തിന്റെ കൈക്കീഴിൽ ആക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പാലനത്തിനും സംരക്ഷണത്തിനും ന്യായപ്രമാണം ഉത്തരവാദിത്വമെടുക്കുകയും ഒടുവിൽ അത് അവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരുകയും ചെയ്തു. നാം ക്രിസ്തുവിലേക്ക് നടത്തപ്പെട്ടാൽ, നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു. വിശ്വാസം വന്നതിനാൽ-അതായത്, ക്രിസ്തു വന്നതിനാൽ-നാം ഇനിമേൽ അടിമയുടെ സൂക്ഷിപ്പിൻ കീഴിലല്ല.

ആല എന്താണെന്ന് നാം ഇപ്പോൾ മനസ്സിലാക്കുന്നു. ക്രിസ്തു വരുന്നതിനു മുമ്പ് ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൻ കീഴിലാക്കി വച്ചു. ന്യായപ്രമാണമായിരുന്നു ആല. ഉദാഹരണത്തിന്, നിങ്ങളൊരു മേച്ചിൽ പ്രദേശം സന്ദർശിക്കുകയാണെങ്കിൽ, അധിക സമയവും ആടുകൾ ആലയിലല്ല കഴിയുന്നതെന്ന് നിങ്ങൾ കാണും. വർഷത്തിലേറിയ പങ്കും ആടുകൾ മേച്ചിൽപ്പുറത്ത് കഴിയുന്നു. അവയ്ക്ക് കഴിയുവാനുള്ള സ്ഥിരമായ ഇടം മേച്ചിൽപ്പുറമാണ്. ആലയാകട്ടെ ഒരു താൽക്കാലികയിടം മാത്രമാണ്.

മേച്ചിൽപ്പുറം തയ്യാറല്ലാത്തപ്പോൾ മാത്രമാണ് ആടുകളെ ആലയിൽ സൂക്ഷിക്കുന്നത്. മേച്ചിൽപ്പുറം തയ്യാറാകുന്നതു വരെ താല്ക്കാലികമായി ആടുകളെ സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും ആല ഉപയോഗിക്കുന്നു. കർത്താവിന്റെ മക്കൾക്ക് സ്ഥിരമായി കഴിയുവാനുള്ള ഇടമായ മേച്ചിൽപ്പുറം ക്രിസ്തുവാണ് എന്ന് ഇത് വെളിപ്പെടുത്തുന്നു. എന്നാൽ ക്രിസ്തു വരുന്നതിനു മുമ്പ്, തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ താല്ക്കാലികമായി സൂക്ഷിക്കുവാനും നിയന്ത്രിക്കുവാനും ആലയായി ന്യായപ്രമാണത്തെ ദൈവം ഒരുക്കി.

എന്നാൽ, കർത്താവ് വന്നപ്പോഴേക്കും യെഹൂദമതാനുസാരികൾ യെഹൂദമതം രൂപീകരിക്കുവാൻ ന്യായപ്രമാണത്തെ ഉപയോഗപ്പെടുത്തിയിരുന്നു. യെഹൂദമതം ആലയായിത്തീർന്നിരുന്നു. കർത്താവ് സൗഖ്യമാക്കുന്നതിനു മുമ്പ് കുരുടനായ മനുഷ്യൻ യെഹൂദമതത്തിന്റെ നിയന്ത്രണത്തിലുള്ള ആടുകളിൽ ഒന്നായിരുന്നു. അവൻ പള്ളിയിൽനിന്ന് പുറത്താക്കപ്പെട്ടപ്പോൾ, വാസ്തവത്തിൽ അവൻ യെഹൂദമതത്തിൽനിന്ന് തുരത്തപ്പെടുകയായിരുന്നു. തന്മൂലം, അവൻ ആലയിൽനിന്ന് ബഹിഷ്കൃതനായി. മുമ്പ്, അവൻ ആലയിലെ ആടുകളിൽ ഒന്നായിരുന്നു; ഇപ്പോൾ, അവൻ യെഹൂദമതത്തിന്റെ ആലയിൽനിന്ന് പുറത്താക്കപ്പെട്ടു.

### *2. ആട്ടിൻകൂട്ടം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ സൂചിപ്പിക്കുന്നു*

ആട്ടിൻകൂട്ടം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ്. കഴിഞ്ഞകാല നിത്യതയിൽ, ദൈവം തന്റെ ദീർഘദൃഷ്ടികൊണ്ട് തന്റെ ജനത്തെ തിരഞ്ഞെടുത്തു. കൃത്യസമയത്ത്, ക്രിസ്തു വരുന്നതിനു മുമ്പ്, ദൈവം തന്റെ തെരഞ്ഞെടുത്ത ജനത്തെ ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൽ ആക്കിവച്ചു. ക്രിസ്തു വന്നതിനു ശേഷം, തന്റെ ജനമെല്ലാം ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൽനിന്ന് പുറത്തുവരണമെന്ന് അവൻ ആഗ്രഹിച്ചു. യെഹൂദന്മാരുടെ പള്ളിയിൽനിന്ന് പുറത്താക്കപ്പെടുകയും കർത്താവായ യേശുവിലേക്ക് വരുകയും ചെയ്ത അന്ധനായ മനുഷ്യൻ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിലൊരുവനായിരുന്നു. അവൻ ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൻകീഴിലായിരുന്നു, എന്നാൽ അവനെ അതിൽനിന്ന് കർത്താവിനായി പുറത്തുകൊണ്ടുവന്നു.

### *3. "അകത്തേക്ക് പോകുന്നതിനും" "പുറത്തേക്ക് പോകുന്നതിനും" ഉള്ളതായ വാതിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു*

ക്രിസ്തുവാണ് വാതിൽ എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ആളുകൾക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാനുള്ളതാണ് വാതിൽ എന്ന് മിക്ക ക്രിസ്ത്യാനികളും കരുതുന്നു. ഒരുപക്ഷേ, ഈ ദൂത് വായിക്കുന്ന

നിങ്ങളിൽ ചിലരും ഈ ധാരണ ഇപ്പോഴും പുലർത്തുന്നുണ്ട്. എന്നാൽ, ഇവിടുത്തെ വാതിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ളതല്ല, കാരണം ഈ വാതിൽ ആളുകളെ അകത്തേക്കുവരുവാനും പുറത്തേക്കുപോകുവാനും പ്രാപ്തരാക്കുന്നു. ഇത് സ്വർഗ്ഗത്തിലേക്കുള്ള വാതിലായിരുന്നുവെങ്കിൽ, ജനത്തിന് എങ്ങനെ അതിൽനിന്ന് പുറത്തുപോകുവാൻ കഴിയും? ഈ വാതിൽ സ്വർഗ്ഗത്തിലേക്കുള്ള വാതിലല്ല.

ആലയിലേക്കുള്ള വാതിൽ കർത്താവാണ്. ആരംഭത്തിൽ, ആല ന്യായപ്രമാണവും കർത്താവ് ന്യായപ്രമാണത്തിലേക്കുള്ള വാതിലും ആയിരുന്നു. കർത്താവ് ന്യായപ്രമാണത്തിലേക്കുള്ള വാതിൽ മാത്രമല്ല, ആളുകൾക്ക് ന്യായപ്രമാണത്തിൽനിന്ന് പുറത്തേക്ക് വരുവാനുള്ള വാതിലും ആണ്. "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തുവരുകയും; പുറത്തുപോകുകയും, മേച്ചിൽ കണ്ടെത്തുകയും ചെയ്യും"എന്ന് 9-ാം വാക്യം പറയുന്നു. ക്രിസ്തു വാതിലായിരിക്കുന്നത്, അവൻ വരുന്നതിനു മുമ്പ് പഴയനിയമകാലത്തുള്ള മോശ, ദാവീദ്, യെശയ്യാവ്, യിരെമ്യാവ് തുടങ്ങിയവരെപ്പോലെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിലേക്ക് പ്രവേശിക്കുവാൻ മാത്രമല്ല, ക്രിസ്തു വന്നതിനു ശേഷം പത്രൊസിനും യാക്കോബിനും യോഹന്നാനും പൗലൊസിനും എന്നപോലെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ന്യായപ്രമാണത്തിന്റെ ആലയിൽനിന്ന് പുറത്തുകടക്കുവാനുമാണ്. അതുകൊണ്ട് കർത്താവ്, 9-ാം വാക്യത്തിൽ, താൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് അകത്തേക്കു പോകുവാൻ മാത്രമല്ല, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പുറത്തേക്കു പോകുവാനുള്ള വാതിലാണെന്ന് സൂചിപ്പിക്കുന്നു. മോശയെയും സങ്കീർത്തനക്കാരെയും പ്രവാചകന്മാരെയും പോലുള്ളവരാണ് ന്യായപ്രമാണത്തിലേക്ക് കടന്നവർ. ന്യായപ്രമാണത്തിന്റെ ആലയിലേക്ക് കടക്കുവാൻ ഇവർക്ക് വാതിലായിരുന്നത് ക്രിസ്തുവായിരുന്നു. അതായത്, ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും അവർ ആലയിലേക്ക് കടന്നു. മോശയുടെയും സങ്കീർത്തനക്കാരുടെയും പ്രവാചകന്മാരുടെയും എഴുത്തുകൾ വായിക്കുമ്പോൾ നാം ഈ കാഴ്ചപ്പാട് സ്വീകരിക്കുകയാണെങ്കിൽ, അവർ ദൈവത്തിന്റെ ന്യായപ്രമാണത്തിലേക്ക് കടന്നത് ക്രിസ്തുവിലൂടെ ആയിരുന്നു എന്ന് നാം മനസ്സിലാക്കും. ന്യായപ്രമാണത്തിലേക്കുള്ള അവരുടെ പ്രവേശനകവാടം ക്രിസ്തു ആയിരുന്നു.

കർത്താവായ യേശു വന്ന സമയത്ത് അനേകം ആളുകൾ ആലയിൽതന്നെ ആയിരുന്നു. എന്നാൽ, യേശുവിന്റെ വരവിനുശേഷം, തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ന്യായപ്രമാണത്തിന്റെ ആലയിൽ

സൂക്ഷിക്കുവാൻ ദൈവം തുടർന്നും ഉദ്ദേശിച്ചില്ല. അവർ ന്യായപ്രമാണത്തിൽനിന്ന് പുറത്തുകടന്ന് ക്രിസ്തുവിലാകണമെന്ന് ദൈവം ആഗ്രഹിച്ചു. അങ്ങനെ, അക്കാലമായപ്പോഴേക്ക്, ക്രിസ്തു മേലാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആലയിലേക്ക് പ്രവേശിക്കുവാനുള്ള വാതിലല്ലായിരുന്നു; അവൻ അതിനകം ആലയിൽ ആയിരുന്നവർക്ക് പുറത്തുകടക്കുവാനുള്ള വാതിലായിരുന്നു. അന്ധനായ മനുഷ്യൻ ആലയിൽനിന്ന് പുറത്തു വന്നവരിൽ ഒരുവനായിരുന്നു. മുമ്പ്, ദൈവം അയച്ച ദാസന്മാരെല്ലാം ന്യായപ്രമാണത്തിലേക്ക് പ്രവേശിച്ചത് ക്രിസ്തുവിലൂടെയായിരുന്നു. എന്നാൽ ക്രിസ്തു വന്നുവെങ്കിലും, ആല അപ്പോഴും അതിനുള്ളിൽ അടയ്ക്കപ്പെട്ടിരുന്ന ആടുകളെക്കൊണ്ട് നിറഞ്ഞിരുന്നു. അവർ എന്തു ചെയ്യണമായിരുന്നു? അവർ ക്രിസ്തുവിലൂടെ ആലയ്ക്ക് പുറത്ത് വരണമായിരുന്നു. പഴയനിയമകാലത്ത്, ദൈവം തന്റെ അനേക ദാസന്മാരെ ക്രിസ്തുവിലൂടെ ന്യായപ്രമാണത്തിന്റെ ആലയിലേക്ക് അയച്ചു. ഇപ്പോൾ പുതിയനിയമകാലത്ത് തന്റെ ജനത്തെ ന്യായപ്രമാണത്തിൽനിന്ന് വാതിലായ ക്രിസ്തുവിലൂടെ പുറത്തുകൊണ്ടുവരുവാൻ ദൈവം ആഗ്രഹിക്കുന്നു. യെഹൂദമതം രൂപീകരിക്കുവാൻ യെഹൂദന്മാർ ഉപയോഗിച്ച പഴയനിയമ ന്യായപ്രമാണമായിരുന്നു ആടുകളുടെ ആല എന്ന് നിങ്ങൾക്ക് മനസ്സിലായെന്ന് ഞാൻ ഇപ്പോൾ വിശ്വസിക്കുന്നു. പിന്നീട്, യെഹൂദമതം കർത്താവിന്റെ തെരഞ്ഞടുക്കപ്പെട്ട ജനത്തെയെല്ലാം അടയ്ക്കുവാനുള്ള ആലയായിത്തീർന്നു. എന്നാൽ ക്രിസ്തു വരുകയും മേച്ചിൽപ്പുറം തയ്യാറാവുകയും ചെയ്തു. അതുകൊണ്ട് യെഹൂദ ന്യായപ്രമാണത്തിന്റെ സൂക്ഷിപ്പിൽ തുടർന്നും അടയ്ക്കപ്പെടേണ്ട ആവശ്യം ആടുകൾക്കില്ല. അവർ ന്യായപ്രമാണത്തിന്റെ ആലയിൽനിന്ന് വിടുവിക്കപ്പെടുകയും മേച്ചിൽപ്പുറത്തിന്റെ സമ്പത്തുകളെല്ലാം ആസ്വദിക്കുകയും വേണം.

ചുരുക്കത്തിൽ, വാതിലായ ക്രിസ്തു ആടുകളുടെ ആലയുടെ പ്രവേശനകവാടവും നിർഗ്ഗമന കവാടവും, ആണ്. ഒന്നാമത്, പഴയനിയമ വിശുദ്ധന്മാർ ന്യായപ്രമാണമായിരുന്ന ആലയിലേക്ക് വാതിലായ ക്രിസ്തുവിലൂടെ കടന്നു. ഇപ്പോൾ, പുതിയനിയമ വിശ്വാസികൾ അതേ വാതിലായ ക്രിസ്തുവിലൂടെ ന്യായപ്രമാണത്തിൽനിന്ന് പുറത്തുവരണം. അതിനുശേഷം, തന്റെ മക്കളെ സൂക്ഷിക്കുവാനും പരിചരിക്കുവാനും അടിമയായി ന്യായപ്രമാണത്തിന്റെ ആലയെ ദൈവം ഉപയോഗിച്ചു. സ്കൂൾ അദ്ധ്യാപകനായ ക്രിസ്തുവിലേക്കുതന്നെ അവരെ കൊണ്ടുവരുവാൻ പിന്നീട് അത് ഉപയോഗിക്കപ്പെട്ടു. അവർ സ്കൂൾ അദ്ധ്യാപകന്റെ അടുക്കൽ അയയ്ക്കപ്പെട്ടതിനുശേഷം അടിമയുടെ കൈക്കീഴിൽ ആയിരിക്കേണ്ട ആവശ്യം ഇനിയും ഇല്ല. യെഹൂദമതമായിത്തീർന്ന ന്യായപ്രമാണത്തിന്റെ ആല അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരെയെല്ലാം അടച്ചിട്ടിരുന്നു. എന്നാൽ, പുതിയനിയമ വിശ്വാസികൾക്ക് യെഹൂദമതത്തിൽനിന്ന് പുറത്തുകടക്കുവാനും മേച്ചിൽ

പ്പുറം ആയ ക്രിസ്തുവിലേക്ക് വരുവാനുമുള്ള വാതിലാണ് ക്രിസ്തു.

കൂടാതെ, കർത്താവ് ഇടയനുമാണ്. അവൻ ആലയുടെ വാതിൽ മാത്രമല്ല, ഇടയനും ആണ്. തന്റെ ആടുകളെ ആലയ്ക്ക് പുറത്തേക്ക് വിളിക്കുവാൻ അവൻ വരുന്നു. അവന്റെ ആടുകൾക്ക് അവന്റെ ശബ്ദം തിരിച്ചറിയുവാനും കഴിയും. ന്യായപ്രമാണമായ ആലയ്ക്കു പുറത്ത് ആദ്യം കടന്നത് അവനാണ്. ഇപ്പോൾ അവൻ തന്റെ ആടുകൾക്കു മുമ്പേ നടക്കുന്നു; അവയെല്ലാം തുടർന്ന് അവനെ അനുഗമിക്കും. പത്രൊസും യാക്കോബും യോഹന്നാനും യെഹൂദമതത്തിനു പുറത്തുവന്നു. പൗലൊസ് പോലും യെഹൂദമതത്തിനു പുറത്തുവന്നു. കർത്താവായ യേശുവിൽ വിശ്വസിച്ച യെഹൂദന്മാരെല്ലാം യെഹൂദമതത്തിന്റെ ആലയിൽനിന്ന് പുറത്തുകടന്ന് അവനെ അനുഗമിച്ചു.

അന്ധനായ ആ മനുഷ്യൻ യെഹൂദമതത്തിൽനിന്ന് പുറത്തുവന്ന ഒരുവനായിരുന്നു. യെഹൂദമതത്തിന്റെ പള്ളിയിൽനിന്ന് അവൻ പുറത്താക്കപ്പെട്ടു. ജീവിക്കുന്നവനായ യേശുനിമിത്തം ആലയിൽനിന്ന് അവൻ പുറത്താക്കപ്പെട്ടു. അതുകൊണ്ട്, ഈ ഉപമ വെളിപ്പെടുത്തുവാൻ കർത്താവ് ആ അവസരം ഉപയോഗിച്ചു. തങ്ങളുടെ മതം ഒരു ആല മാത്രമാണെന്ന് യെഹൂദന്മാരെ അറിയിക്കുവാൻ കർത്താവ് ഇടയാക്കി. ഇപ്പോൾ മേച്ചിൽപ്പുറം തയ്യാറാണെന്നും ആടുകൾ ഇനിയും തങ്ങളുടെ ആലയിൽ ആയിരിക്കുന്നത് നിഷ്പ്രയോജനമാണെന്നും അവൻ അറിയിച്ചു. ആലയിൽനിന്ന് പുറത്തുവരുവാനും മേച്ചിൽപ്പുറത്തിന്റെ സമ്പത്തുകൾ ആസ്വദിക്കുവാനും ഇതാണ് ആടുകൾക്കുള്ള സമയം. യെഹൂദജനം തങ്ങളുടെ പള്ളിയിൽനിന്നു പുറത്താക്കിയവൻ കർത്താവിനെ മേച്ചിൽപ്പുറമായി ആസ്വദിക്കുന്നവൻ ആയിത്തീർന്നു.

കർത്താവ്, ഒന്നാമത് വാതിലും പിന്നെ ഇടയനും ഒടുവിൽ മേച്ചിൽപ്പുറവുമാണ്. ഇടയൻ ആലയിൽനിന്ന് ആടുകളെയെല്ലാം വാതിലാകുന്ന തന്നിലൂടെ പുറത്തുകൊണ്ടുവന്ന് മേച്ചിൽപ്പുറമായ തന്നിലേക്ക് അവരെ ആനയിക്കുന്നു. ആടുകളെ ആലയുടെ പുറത്തേക്ക് കൊണ്ടുവന്ന ഇടയൻ അവനാണ്; ആടുകളെ പുറത്തുകൊണ്ടുവന്ന വാതിൽ അവനാണ്; ആടുകളെ കൊണ്ടുവന്ന മേച്ചിൽപ്പുറവും അവനാണ്. അവൻ ആടുകളെ യെഹൂദമതത്തിൽനിന്നു തന്നിലൂടെയും തന്നിലേക്കും തനിക്കായും പുറത്തുകൊണ്ടുവന്നു. അവൻ എല്ലാമാണ്- നിർഗ്ഗമനകവാടവും ഇടയനും മേച്ചിൽപ്പുറവും.

### *4. മേച്ചിൽപ്പുറം ആടുകൾക്ക് ഭക്ഷണം കൊടുക്കുന്ന സ്ഥലം എന്ന നിലയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു*

ആലയ്ക്ക് പുറത്ത് പച്ചയായ മേച്ചിൽപ്പുറമാണ്. ഇവിടെ മേച്ചിൽപ്പുറം സൂചിപ്പിക്കുന്നത് ആടുകൾക്ക് ഭക്ഷണം കൊടുക്കുന്ന സ്ഥലമായ ക്രിസ്തുവിനെയാണ്. മഞ്ഞുകാലത്തും രാത്രിയും

മേച്ചിൽപ്പുറം ഉപയുക്തമല്ലാത്തപ്പോൾ ആടുകളെ ആലയിൽ സൂക്ഷിക്കണം. മേച്ചിൽപ്പുറം തയ്യാറായാൽ ആടുകൾ ആലയിൽ തുടരേണ്ടതായ ആവശ്യമില്ല. ആലയിൽ സൂക്ഷിക്കപ്പെടുന്നത് അല്പകാലത്തേക്കും താല്ക്കാലികവുമാണ്. മേച്ചിൽപ്പുറത്ത് ആയിരുന്ന് അതിന്റെ സമ്പത്തുകൾ ആസ്വദിക്കുക എന്നത് അന്തിമവും സ്ഥിരവും ആണ്. ക്രിസ്തു വരുന്നതിനു മുമ്പ്, ന്യായപ്രമാണം ഒരു പരിപാലനസ്ഥലം ആയിരുന്നു. ന്യായപ്രമാണത്തിൻ കീഴിലായിരിക്കുക എന്നത് താല്ക്കാലികമായിരുന്നു. ഇപ്പോൾ, ക്രിസ്തു വന്നതിനാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമെല്ലാം ന്യായപ്രമാണത്തിൽനിന്ന് പുറത്തുവരുകയും അവനെ അവരുടെ മേച്ചിൽപ്പുറമായി ആസ്വദിക്കുവാൻ അവനിലേക്ക് വരുകയും വേണം(ഗലാ.3:23-25;4:3-5). ഇത് അന്തിമവും സ്ഥിരവുമാണ്. ആടുകൾക്ക് മേച്ചിൽപ്പുറത്തേക്ക് കടന്നുവന്ന് പച്ചപ്പുല്ല് മേയുവാൻ പറ്റിയ സമയമായ വസന്തകാലമാണിത്. ശിഷ്യന്മാരായ പത്രൊസും യാക്കോബും യോഹന്നാനും ആലയിലുള്ളവരായിരുന്നു. എന്നാൽ ക്രിസ്തുവിനെ മേച്ചിൽപ്പുറമായി ഭക്ഷിക്കുവാൻ അവർ അതിൽനിന്ന് പുറത്തുവന്നു. പഴയമതത്തിലായിരുന്നപ്പോൾ, അവർ ആലയിൽ മരണത്തോളം പട്ടിണിയിലായിരുന്നു. അവിടെ വാതിലില്ലായിരുന്നു. അതായത്, സ്വാതന്ത്ര്യമില്ലായിരുന്നു. അവിടെ മേച്ചിൽപ്പുറവുമില്ലായിരുന്നു. അതായത്, പരിപോഷണമില്ലായിരുന്നു. ഒരു ദിവസം അവർ ക്രിസ്തുവിനെ, ജീവനുള്ളവനെ, ഇടയനെ കണ്ടുമുട്ടുകയും"വന്ന് എന്നെ അനുഗമിക്കുക"എന്ന് അവൻ പറയുകയും ചെയ്തു. അവർ ആലയിൽനിന്ന് പുറത്തുവന്ന് മേച്ചിൽപ്പുറത്തേക്ക് അവനെ അനുഗമിച്ചു.

നിങ്ങളുടെ ഇടയനായി നിങ്ങൾ കർത്താവിനെ അനുഗമിക്കുന്നുവെങ്കിൽ, അത് നിങ്ങളെ ആലയിൽനിന്ന് പുറത്തുകൊണ്ടുവരുന്ന ഒരു കൊടുങ്കാറ്റിനെ ഇളക്കും. ആലയ്ക്ക് പുറത്ത് കർത്താവായ യേശുവിനെ അനുഗമിക്കുവാൻ നിങ്ങൾ പരിശ്രമിക്കേണ്ടതിന്റെയോ ഏതെങ്കിലും ഉദ്യമത്തിനായുള്ള അഭ്യാസത്തിന്റെയോ ആവശ്യമില്ല. കാരണം, നിങ്ങൾ അവനെ അനുഗമിക്കുന്നിടത്തോളം പഴയ മതം നിങ്ങളെ പുറത്താക്കുവാൻ നിർബന്ധിക്കും. അവർ നിങ്ങളെ പുറത്താക്കും. ഈ ജീവനുള്ള യേശുവിനെ നിങ്ങൾ അനുഗമിക്കുന്തോറും മതം നിങ്ങളെ പുറത്താക്കുവാൻ നിർബന്ധിക്കും. മതത്തിന് യേശുവിനോട് പൊരുത്തപ്പെടുവാൻ കഴിയുകയില്ല. യേശു ഒരിക്കലും മതത്തിൽ ആയിരിക്കുകയുമില്ല. ഇവ രണ്ടും തികച്ചും വ്യത്യസ്തമാണ്. അവയെ അനുരഞ്ജിപ്പിക്കുവാൻ ഒരു സാദ്ധ്യതയുമില്ല. യേശു ജീവനാണ്. മതം ജീവനല്ലാത്ത എന്തോ ആണ്. ജീവനുള്ള യേശുവിന് മതത്തെ സഹിക്കുവാൻ കഴിയുകയില്ല. നാമെല്ലാവരും മതത്തിന് വെളിയിലുള്ളവരും പച്ചയായ മേച്ചിൽപ്പുറത്ത് പോഷിപ്പിക്കപ്പെടുന്നവരും ആയിരിക്കുകയാൽ, കർത്താവിന് സ്തോത്രം! മേച്ചിൽപ്പുറം തീർച്ചയായും ആലയിലല്ല; അത് ആലയ്ക്ക് വെളിയിലാണ്. നിങ്ങൾ

മേച്ചിൽപ്പുറം ആസ്വദിക്കുവാൻ പോകുന്നുവെങ്കിൽ ആലയ്ക്കു പുറത്തുവരണം. നിങ്ങൾ ആലയിൽനിന്ന് പുറത്തുവന്നാൽ, മേച്ചിൽപ്പുറത്താണ് നിങ്ങൾ എന്നു കണ്ടെത്തും. ഹാലേലൂയ്യ!

വാതിൽ കാവൽക്കാരനും കള്ളന്മാരും കവർച്ചക്കാരും ആരാണെന്നതിനെക്കുറിച്ച് ഒരു വാക്ക് പറയുവാനുണ്ട്. വാതിൽ കാവൽക്കാരൻ പരിശുദ്ധാത്മാവും, കള്ളന്മാരും കവർച്ചക്കാരും, പ്രവാചകന്മാർ എന്ന് നടിക്കുന്നവരുമാണ്. ആലയിലേക്ക് വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവർ, പഴയനിയമ പ്രവാചകന്മാർക്ക് ശേഷം യോഹന്നാൻ സ്നാപകന് മുമ്പ് ജീവിച്ചിരുന്ന പ്രവാചകന്മാരാണ്. ഈ കാലയളവിൽ അനേകംപേർ ക്രിസ്തുവിലൂടെയല്ലാതെ തങ്ങളായിത്തന്നെ ന്യായപ്രമാണത്തിലേക്ക് വന്നു. ദൈവം അയച്ച പ്രവാചകന്മാരെന്ന് അവർ ഭാവിച്ചു. എന്നാൽ ശരിയായ പഴയനിയമ പ്രവാചകന്മാരെല്ലാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും വന്നു. അതായത്, അവർ വാതിലിലൂടെ ന്യായപ്രമാണത്തിലേക്ക് വന്നു. ഈ പഴയനിയമ പ്രവാചകന്മാർക്കു ശേഷം അനേകം ആളുകൾ ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും അല്ല, എന്നാൽ തങ്ങളാലും തങ്ങൾക്കുവേണ്ടിയും ന്യായപ്രമാണത്തിലേക്ക് വന്നു. ദൈവത്തിന്റെ ജനത്തെ വിഷമിപ്പിക്കുകയും മലിനപ്പെടുത്തുകയും ചെയ്ത കള്ളന്മാരും കവർച്ചക്കാരുമായിരുന്നു അവർ. പഴയനിയമ പ്രവാചകന്മാർക്കും യോഹന്നാൻ സ്നാപകനും ഇടയിൽ നാനൂറ് വർഷത്തെ കാലയളവ് ഉണ്ടായിരുന്നു. ഏകദേശം നാനൂറ് വർഷം ആ കള്ളന്മാരും കവർച്ചക്കാരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ വിഷമിപ്പിച്ചു. തത്ഫലമായി, മോഷ്ടിക്കുവാനും കൊല്ലുവാനും മുടിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; എന്നാൽ ആടുകൾക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ആണ് താൻ വന്നിരിക്കുന്നത്(10:10) എന്ന് കർത്താവ് പറഞ്ഞു. ഇതിനർത്ഥം, താൻ അവരുടെ മേച്ചിൽപ്പുറം ആകയാൽ തന്റെ ആടുകൾക്ക് തന്നെത്തന്നെ ജീവനായി പകരുവാൻ കർത്താവ് വന്നു എന്നാണ്. ആടുകൾ മേച്ചിൽപ്പുറത്ത് ആയിരിക്കുന്നിടത്തോളം, അവർക്ക് ജീവന്റെ പകർച്ച സമൃദ്ധമായുണ്ടാകും. മേച്ചിൽപ്പുറത്ത് മേയുന്നതിനാൽ ആടുകൾ മേച്ചിൽപ്പുറത്തെ, തങ്ങളുടെ സമൃദ്ധമായ ജീവപ്പകർച്ചയായി ആസ്വദിക്കും, കാരണം കർത്താവ് അവരുടെ സമൃദ്ധമായ ജീവനാണ്. അവർ കൂടുതൽ സമൃദ്ധമായി തങ്ങളുടെ ജീവനായി കർത്താവിനെ ആസ്വദിക്കുകയും അവനെ അനുഗമിക്കുകയും ചെയ്യും.

ആടുകൾക്ക് ജീവന്റെ മേച്ചിൽപ്പുറമായിരിക്കുന്ന ഈ കാര്യം കർത്താവിന് എങ്ങനെ നിറവേറ്റുവാൻ കഴിഞ്ഞു? അത്, പുല്ല് തിന്നുന്നതിനായി മരണം എന്ന പ്രക്രിയയിലൂടെ കടന്നുപോകണം എന്ന് ഗ്രഹിച്ചതു മൂലമാണ്. ആടുകൾ തിന്നുന്ന ജീവനുള്ള പുല്ലെല്ലാം മരണം എന്ന പ്രക്രിയയിലൂടെ കടന്നുപോകണം. അതുകൊണ്ട്, നാം

കാണുവാനിരിക്കുന്നതുപോലെ, അവന് തന്റെ ആടുകൾക്കുവേണ്ടി തന്റെ ജീവൻ വച്ചുകൊടുക്കേണ്ടിവന്നു എന്ന് കർത്താവ് പറഞ്ഞു. അവന് തന്നെത്തന്നെ ജീവനായി ആടുകൾക്ക് ശുശ്രൂഷിക്കേണ്ടതിന് അവൻ ആദ്യം മരിക്കണമായിരുന്നു.

## B. ആട്ടിൻകൂട്ടത്തിന് ഇടയനും ദിവ്യജീവനും ദേഹികജീവനും

### *1. ക്രിസ്തു ഇടയനാണ്*

തന്റെ ജനത്തെ ആലയിൽനിന്ന് പുറത്തേക്ക് വിളിക്കുന്ന ഇടയനാണ് ക്രിസ്തുവെന്ന് നാം കണ്ടു. അവൻ ആടുകളുടെ മുമ്പേ നടക്കുകയും അവന്റെ ആടുകൾ അവനെ അനുഗമിക്കുകയും ചെയ്യുന്നു. ഇടയൻ എന്ന നിലയിൽ, അവൻ ആടുകളെ ആലയിൽനിന്ന് താനാകുന്ന വാതിലിലൂടെ താനാകുന്ന മേച്ചിൽപ്പുറത്തേക്ക് കൊണ്ടുവരുന്നു.

### *2. ആടുകൾക്ക് ദിവ്യജീവൻ ലഭിക്കേണ്ടതിന് ക്രിസ്തു തന്റെ ദേഹികജീവൻ വച്ചുകൊടുക്കുന്നു.*

"അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ആണ് ഞാൻ വന്നിരിക്കുന്നത്"എന്ന് 10-ാം വാക്യത്തിലും"ഞാൻ നല്ല ഇടയനാകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു"എന്ന് 11-ാം വാക്യത്തിലും കർത്താവ് പറഞ്ഞു. ഈ രണ്ടു വാക്യങ്ങളിൽ രണ്ടു വ്യത്യസ്ത പദങ്ങളാണ് ജീവൻ എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. നിത്യമായ ദിവ്യജീവൻ എന്നതിന് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന **zoe** (സോയി) എന്ന ഗ്രീക്ക് പദമാണ് 10-ാം വാക്യത്തിൽ ഉള്ളത്. ദേഹികജീവൻ അതായത് മനുഷ്യജീവൻ എന്ന് അർത്ഥമാകുന്ന ദേഹി എന്നതിനുള്ള അതേ പദമായ **psuche** (സൂക്കി) എന്ന ഗ്രീക്ക് പദമാണ് 11-ാം വാക്യത്തിൽ ഉള്ളത്. കർത്താവായ യേശുവിന് രണ്ടുതരം ജീവൻ ഉണ്ടെന്നാണ് ഈ രണ്ടു വാക്യങ്ങൾ സൂചിപ്പിക്കുന്നത്. ഒരു മനുഷ്യൻ എന്ന നിലയിൽ കർത്താവിന് **psuche** ജീവൻ, മനുഷ്യജീവനും ദൈവം എന്ന നിലയിൽ അവന് **zoe** ജീവൻ, ദിവ്യജീവനും ഉണ്ട്. തന്റെ ആടുകൾ, തന്റെ **zoe** ജീവനിൽ, തന്റെ ദിവ്യജീവനിൽ(10:10), നിത്യജീവനിൽ (10:28) പങ്കുപറ്റുന്നതിനും അങ്ങനെ അവർ ഏക ഇടയനായ അവന്റെ കീഴിൽ ഒരു ആട്ടിൻകൂട്ടമായി രൂപപ്പെടുന്നതിനും അവർക്കുവേണ്ടി വീണ്ടെടുപ്പ് നിറവേറ്റുവാൻ(10:15,17-18) അവൻ തന്റെ ദേഹി, തന്റെ **psuche** ജീവൻ, തന്റെ മനുഷ്യജീവൻ അർപ്പിച്ചു. നല്ല ഇടയൻ എന്നനിലയിൽ ഇങ്ങനെ ഈ ഉദ്ദേശ്യത്തിനുവേണ്ടി അവൻ തന്റെ ആടുകളെ ദിവ്യജീവൻകൊണ്ട് പോഷിപ്പിക്കുന്നു.

കർത്താവിന്റെ ദിവ്യജീവനെ ഒരിക്കലും കൊല്ലുവാൻ കഴിയുകയില്ല. അവന്റെ ക്രൂശീകരണത്തിൽ കൊല്ലപ്പെട്ടത് അവന്റെ മനുഷ്യജീവനായിരുന്നു. നമ്മുടെ രക്ഷകനാകുവാൻ, നമുക്കുവേണ്ടി അവൻ

വീണ്ടെടുപ്പ് നിറവേറ്റി, അങ്ങനെ നമുക്ക് അവന്റെ zoe ജീവൻ ലഭിക്കുവാനായി ഒരു മനുഷ്യനെന്ന നിലയിൽ അവൻ തന്റെ മനുഷ്യജീവൻ അർപ്പിച്ചു. വീണ്ടെടുക്കപ്പെട്ടതിനു ശേഷം അവന്റെ zoe ജീവൻ, നിത്യജീവൻ നമുക്ക് ലഭിക്കുന്നതിനുവേണ്ടി അവൻ തന്റെ മനുഷ്യജീവൻ അർപ്പിച്ചു.

### *3. ഏക ഇടയന്റെ കീഴിൽ ജീവനാൽ ഏക ആട്ടിൻകൂട്ടമായി രൂപപ്പെടുന്നതിന്*

ഇടയനും ദിവ്യജീവനും മനുഷ്യജീവനും എല്ലാം ആട്ടിൻകൂട്ടത്തിനുവേണ്ടിയാണ്. "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും; ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും ആകും" എന്ന് 16-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ഈ യെഹൂദ ആലയിൽ പെടാത്ത ആടുകൾ ഏവ? അവർ ജാതികളാണ്. ഈ ഏക ആട്ടിൻകൂട്ടം എന്താണ്? കർത്താവ് തന്റെ മരണത്തിലൂടെ(യോഹ. 10:10-18) തന്റെ അവയവങ്ങളിലേക്ക് പകർന്ന ജീവനാൽ ഉളവാക്കിയ ഏകസഭയെ, ക്രിസ്തുവിന്റെ ഏകശരീരത്തെ(എഫെ.2:14-16;4:6) ഏക ആട്ടിൻകൂട്ടം സൂചിപ്പിക്കുന്നു. മുമ്പ്, ആല യെഹൂദമതമായിരുന്നു; ഇപ്പോൾ, ആട്ടിൻകൂട്ടം സഭയാണ്. ആട്ടിൻതൊഴുത്ത് യെഹൂദമതമായിരുന്നു, ഇപ്പോഴും അങ്ങനെതന്നെ; എന്നാൽ ആട്ടിൻകൂട്ടം സഭയാണ്. ആട്ടിൻകൂട്ടമാകുന്ന സഭയിൽ രണ്ടു തരം ആളുകളുണ്ട്- വിശ്വസിക്കുന്ന യെഹൂദന്മാരും ജാതികളും. ഒറ്റ ആട്ടിൻകൂട്ടത്തിലേക്കും ഒരു ഇടയന്റെ കീഴിലേക്കും കർത്താവ് അവരെ ഒന്നിച്ചുകൊണ്ടുവരുന്നു. ഇപ്പോൾ, ഏക ആട്ടിൻകൂട്ടവും ഏക ഇടയനും, ഏക ശരീരവും ഏക തലയും ആണ്.

എന്തുകൊണ്ടാണ് ഇടയനും ദിവ്യജീവനും മനുഷ്യജീവനും എല്ലാം ആട്ടിൻകൂട്ടത്തിനുവേണ്ടി ആയിരിക്കുന്നത്? കാരണം ആട്ടിൻകൂട്ടത്തിലെ ആളുകൾ വീണ്ടെടുപ്പ് ആവശ്യമായിരിക്കുന്ന വീണുപോയ വ്യക്തികളാണ്. ഒരു മനുഷ്യനെന്ന നിലയിൽ ഇടയന് മനുഷ്യജീവൻ ഉണ്ടായിരുന്നു. തന്റെ ആട്ടിൻകൂട്ടത്തിനുവേണ്ടി വീണ്ടെടുപ്പ് നിർവ്വഹിക്കുന്നതിനായി അവൻ തന്റെ മനുഷ്യജീവൻ ബലിയർപ്പിച്ചു. ഇപ്രകാരം അവന്റെ ആട്ടിൻകൂട്ടം വീണ്ടെടുക്കപ്പെട്ടു. പിന്നെ അവന്റെ ആട്ടിൻകൂട്ടത്തിന് അവന്റെ ദിവ്യജീവൻ ലഭിക്കുകയും ആ ദിവ്യജീവനാൽ ആടുകൾ ഒന്നുചേർന്ന് ആട്ടിൻകൂട്ടമായി ജീവിക്കുകയും ചെയ്യുന്നു. അങ്ങനെ, ആട്ടിൻകൂട്ടം ഒരു ഏകകമായി, ഒരു അസ്തിത്വമായി രൂപപ്പെടുന്നു. ഇത് സംഭവിക്കുന്നത് മനുഷ്യജീവനാലല്ല, ദിവ്യജീവനാലാണ്.

മനുഷ്യജീവനിൽ നാം കുറ്റം ചുമത്തപ്പെട്ടവരും ഭിന്നിച്ചുപോയവരും ആണ്; ദിവ്യജീവനിൽ നാം സ്വീകരിക്കപ്പെട്ടവരും ഏകീകരിക്കപ്പെട്ടവരും ആണ്. ദിവ്യജീവനിൽ നാമെല്ലാം ഒരു അസ്തിത്വമാണ്. അതാ

യത്, നാം ഒരു ജീവനിൽ ഒരു ഇടയന്റെ കീഴിൽ ഒരു ആട്ടിൻകൂട്ട മാണ്. നാം ദിവ്യജീവനാലല്ല നമ്മുടെ മനുഷ്യജീവനാൽ ജീവിക്കുക യാണെങ്കിൽ, നാം കുഴപ്പം ഉണ്ടാക്കുകയേ ഉള്ളൂ. മാത്രമല്ല, നാം അന്യരായിത്തീരുകയും ആട്ടിൻകൂട്ടത്തിൽനിന്ന് വഴിതിരിഞ്ഞ് പോകു കയും ചെയ്യും. നിങ്ങൾ നിങ്ങളുടെ മനുഷ്യജീവനാൽ ജീവിക്കു മ്പോളെല്ലാം മുമ്പിലത്തെപ്പോലെ നിങ്ങൾ ആടല്ല, ഒരു അന്യനാണ്. ഒരു ആട് വീണ്ടുംജനിച്ച ദിവ്യജീവനുള്ള വ്യക്തിയാണ്. നാം എല്ലാ വരും ദിവ്യജീവനാൽ ജീവിക്കുകയും അങ്ങനെ നിർവ്യാജമായ, വാസ്തവത്തിലുള്ള, യഥാർത്ഥ ആട് ആയിരിക്കുകയും വേണം. അപ്പോൾ നാമെ ല്ലാവരും ആട്ടിൻകൂട്ടത്തിലാകും. നാം നമ്മുടെ മനു ഷ്യജീവനാൽ ജീവിക്കുന്നിടത്തോളം, നാം ഒരു വന്യമൃഗത്തോട്, ഒരു പക്ഷേ വിഴുങ്ങുന്ന സിംഹത്തോട്, അല്ലെങ്കിൽ കാട്ടുകുതിരയോട്, സദൃശമായിരിക്കും. നാം ദിവ്യജീവനാൽ ജീവിക്കുന്നില്ലെങ്കിൽ, ആട്ടിൻകൂട്ടം ഉണ്ടാകുകയില്ല. ആട്ടിൻകൂട്ടം ഉളവാകുന്നതും കാക്ക പ്പെടുന്നതും നിലനിർത്തപ്പെടുന്നതും രൂപപ്പെടുന്നതും ദിവ്യജീവനാ ലാണ്. സഹോദരന്മാർ ഐക്യത്തിൽ ഒരുമിച്ച് വസിക്കുന്നത് എത്ര ശുഭമാണ്(സങ്കീ.133:1). എന്നുവരികിലും, ഐക്യത്തിൽ വസിക്കുന്ന തിന്റെ ലളിതമായ അർത്ഥം ദിവ്യജീവനിൽ വസിക്കുക എന്നാണ്. ദിവ്യജീവനിൽ നാം വാസ്തവത്തിൽ ഒന്നായിരിക്കുകയും പരസ്പരം സ്നേഹിക്കുകയും ചെയ്യുന്നതിനാൽ കർത്താവിന് സ്തോത്രം. ഇത് നമ്മുടെ മനുഷ്യ, **psuche** ജീവനിലല്ല. ദിവ്യ, **zoe** ജീവനിൽ മാത്രം സാദ്ധ്യമാണ്. ഈ **zoe** ജീവൻ നമുക്ക് ലഭ്യമാകുന്നത്, തന്റെ **psuche** ജീവൻ അർപ്പിച്ചുകൊണ്ട് നമ്മുടെ ഇടയൻ നിർവ്വഹിച്ച വീണ്ടെടുപ്പി ലൂടെയാണ്. നമ്മുടെ **zoe** ജീവനായി നമുക്ക് അവനെ ലഭിക്കുന്ന തിന് നമുക്കെല്ലാം വീണ്ടെടുപ്പ് സാധിക്കുവാൻ അവൻ തന്റെ **psuche** ജീവൻ അർപ്പിച്ചു. ഒരു ഇടയന്റെ കീഴിൽ ഒരു ആട്ടിൻകൂട്ടം ആകേണ്ട തിന് ഇപ്പോൾ നാം **zoe** ജീവനിലാണ്. ഇത് ഒരു സംഘടനയല്ല; ഇത് ജീവനിലുള്ള കൂട്ടംകൂടലാണ്. ഇത് അത്ഭുതകരമാണ്. ഹാലേ ലൂയ്യാ! ആട്ടിൻകൂട്ടം മതത്തിന്റെയല്ല, എന്നാൽ ജീവന്റെ കാര്യമാണ്.

### C. ആടിന്റെ സുരക്ഷയ്ക്കായി നിത്യജീവനും പുത്രന്റെ കൈയും പിതാവിന്റെ കൈയും

“ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകുകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നും പിടി ച്ചുപറിക്കുകയില്ല. അവയെ തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവ രിലും വലിയവൻ; പിതാവിന്റെ കൈയ്യിൽനിന്ന് പിടിച്ചുപറിക്കാൻ ആർക്കും കഴിയുകയില്ല,”എന്ന് 10:28-29-ൽ കർത്താവ് പറയുന്നു. വിശ്വാസികളുടെ ജീവിതത്തിനുവേണ്ടിയാണ് നിത്യജീവൻ. ശക്തി യുടെ കൈയായി പുത്രന്റെ കൈയ്യും സ്നേഹത്തിന്റെ കൈയായി പിതാവിന്റെ കൈയ്യും, വിശ്വാസികളുടെ പരിരക്ഷയ്ക്കുവേണ്ടിയാണ്. നിത്യജീവൻ ഒരിക്കലും തീർന്നുപോകുകയില്ല, പുത്രന്റെയും പിതാ

വിന്റെയും കൈകൾ ഒരിക്കലും പരാജയപ്പെടുകയുമില്ല. അതുകൊണ്ട് വിശ്വാസികൾ നിത്യമായി സുരക്ഷിതരാണ്; അവർ ഒരിക്കലും നശിച്ചുപോകുകയുമില്ല.

ഞാൻ ഈ രാജ്യത്ത് വേല ചെയ്തു തുടങ്ങിയപ്പോൾ, എന്നോട് പല പ്രിയപ്പെട്ട വിശുദ്ധന്മാരും, ഞാൻ നിത്യസുരക്ഷയിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു."എന്തുകൊണ്ട് ഇല്ല?"എന്ന് ഞാനെപ്പോഴും മറുപടി പറഞ്ഞു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അത്ഭുതകരമായ നിത്യസുരക്ഷയിൽ ഞാൻ തീർച്ചയായും വിശ്വസിക്കുന്നു എന്ന് എല്ലാവരും അറിഞ്ഞു. നമുക്ക് നിത്യജീവൻ ഉള്ളിടത്തോളം, നമുക്ക് നിത്യസുരക്ഷയുണ്ട്. നിത്യജീവനെക്കാൾ സുരക്ഷിതമായി മറ്റെന്താണുള്ളത്? എനിക്ക് യഥാർത്ഥ ഇൻഷ്വറൻസ് പോളിസി എന്റെ ആത്മാവിലുണ്ട്. എനിക്ക് നിത്യജീവൻ മാത്രമല്ല, രണ്ടു കൈകളും ഉണ്ട്- പുത്രന്റെ ശക്തിയുടെ കൈയും പിതാവിന്റെ സ്നേഹത്തിന്റെ കൈയും. ഈ രണ്ടു കരങ്ങളും എന്നെ ആലിംഗനം ചെയ്യുന്നു. സാത്താന് എന്നെ തട്ടിയെടുക്കുവാൻ കഴിയുകയുമില്ല. ദിവ്യജീവനാലും ഈ രണ്ട് ദിവ്യകൈകളാലും ഞാൻ നിത്യമായി സുരക്ഷിതനാണ്. കർത്താവിന് സ്തോത്രം! ഈ കൈകൾ എപ്പോഴും ജാഗരൂകമാണ്, ആർക്കും നമ്മെ തട്ടിക്കൊണ്ടുപോകുവാൻ കഴിയുകയുമില്ല. അതുകൊണ്ട്, നാം ഒരിക്കലും നശിച്ചുപോകുകയില്ല. നമുക്ക് ഒരു ദിവ്യജീവിതവും സർവ്വശക്തമായ സംരക്ഷണവുമുണ്ട്. അങ്ങനെ, ആടുകൾ ആയ നാം എന്നേക്കും സുരക്ഷിതരാണ്. നിത്യസുരക്ഷയെക്കുറിച്ച് ഉപദേശപരമായി വാദിക്കരുത്. നാം വസ്തുതയെ ആസ്വദിക്കുന്നു. നിങ്ങൾക്ക് നിത്യസുരക്ഷയുണ്ടോ? നിത്യസുരക്ഷയിൽ നിങ്ങൾ വിശ്വസിക്കുന്നുവോ എന്നല്ല, എന്നാൽ നിങ്ങൾക്ക് അത് ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. നിത്യസുരക്ഷയുടെ ഉപദേശത്തിൽ നാം വിശ്വസിച്ചാലും ഇല്ലെങ്കിലും, നാം നിത്യമായി സുരക്ഷിതരാണ്.

## D. മതത്തിന്റെ പീഡനം

"ഞാനും പിതാവും ഒന്നാകുന്നു"എന്ന് 30-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ഇവിടെ കർത്താവ് തന്റെ ദൈവത്വം, താൻ ദൈവമാണ് എന്നത്, ഉറപ്പിച്ചുപറയുന്നു(10:33; 5:18; 1:1; 20:28; 1 യോഹ.5:20; ഫിലി.2:6). "നല്ല പ്രവൃത്തി നിമിത്തമല്ല; ദൈവദൂഷണം നിമിത്തമാണ്; നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതുകൊണ്ടാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്"(10:33)എന്നു പറഞ്ഞുകൊണ്ട് യെഹൂദന്മാർ അവനെ എറിയുവാൻ കല്ലുകളെടുത്തു. അവന്റെ "ദൈവദൂഷണം" നിമിത്തം യെഹൂദന്മാർ അവനെ പീഡിപ്പിച്ചു. ഇന്നും അങ്ങനെതന്നെയാണ്. നാം വേദവിപരീതം പ്രസംഗിക്കുന്നു എന്ന് മതം പ്രസ്താവിക്കുന്നു. മതം അതിന്റെ"വിശ്വാസം"സംരക്ഷിക്കുവാൻ ശ്രമിക്കുകയായിരുന്നു. വാസ്തവത്തിൽ, അവർക്ക് വിശ്വാസമില്ല. അവർക്ക് അവിശ്വാസമാണുണ്ടായിരുന്നത്, അവർ വ്യർത്ഥതയെ സംര

ക്ഷിക്കുകയായിരുന്നു. അതുകൊണ്ട്, അവർ കർത്താവായ യേശുവിനെ പീഡിപ്പിച്ചു.

## E. ജീവന്റെ മതപരിത്യാഗവും ജീവന്റെ പുതിയ നിലപാടും

ജീവന്റെ മതപരിത്യാഗവും ജീവന്റെ പുതിയ നിലപാടും 10:40–42-ൽ നാം കാണുന്നു. ക്രിസ്തു യെഹൂദമതത്തെ ഉപേക്ഷിച്ച് യോഹന്നാൻ സ്നാപകൻ പുതിയനിയമ സുവിശേഷം പ്രസംഗിച്ച സ്ഥലത്തേക്ക് പോയി. ഇത് വളരെ അർത്ഥവത്താണ്. കർത്താവ് യെഹൂദമതത്തെ ഉപേക്ഷിച്ച് പുതിയനിയമത്തിനുവേണ്ടി ഒരു പുതിയ നിലപാട് എടുത്തു. ഇന്ന് നാം ഇവിടെ ഈ പുതിയ നിലപാടിലാണ്. നാം ഇടയനെ അനുഗമിക്കുന്നു, നാം മേച്ചിൽപ്പുറത്താണ്; നമുക്ക് പുതിയ ഒരു നിലപാടുമുണ്ട്.

അവസാനം, കർത്താവ് യെഹൂദമതം ഉപേക്ഷിക്കുവാനുള്ള നാഴിക വന്നു. മതാനുസാരികൾ അവനെ പിടിക്കുവാൻ പിന്നെയും ശ്രമിച്ചുവെങ്കിലും അവൻ അവരുടെ കൈകളിൽ നിന്ന് രക്ഷപ്പെട്ടു(10:39). അവൻ യോർദ്ദാനക്കരെ യോഹന്നാൻ മുമ്പ് അവനെ സ്നാനപ്പെടുത്തിയ സ്ഥലത്തേക്ക് പോയി. മതാനുസാരികളായ യെഹൂദന്മാർ ന്യായപ്രമാണം ഉപയോഗിച്ച് യെഹൂദമതം ഉണ്ടാക്കുകയും അത് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ അടച്ചുവയ്ക്കുകയും ചെയ്തിരുന്നു. എങ്കിലും, യോഹന്നാൻ സ്നാപകൻ യെഹൂദമതത്തിൽനിന്നും തികച്ചും വേർപെട്ടിരുന്നു. കാരണം, അവൻ ജീവിച്ചത് യെരുശലേമിന് പുറത്ത് യോർദ്ദാനക്കരെ മരുഭൂമിയിലായിരുന്നു. എപ്പോഴും ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ ജീവിച്ചു. യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു, കാരണം, ആട്ടിൻതൊഴുത്തിന്റെ യുഗം അവസാനിക്കുകയും പുതിയ യുഗം ആരംഭിക്കുകയും ചെയ്തിരുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെല്ലാം ആലയെ ഉപേക്ഷിക്കുകയും അവനിലേക്ക് വരുകയും വേണമായിരുന്നു. യോഹന്നൻ സ്നാപകന്റെ സാക്ഷ്യം, കേവലം ആലയിൽ നിന്ന് പുറത്തുവന്ന് മേച്ചിൽപ്പുറത്തേക്ക് പ്രവേശിക്കുവാൻ ജനത്തെ ആഹ്വാനം ചെയ്യുക എന്നതായിരുന്നു.

യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ പ്രസ്താവിച്ചതിനുശേഷം, ആടുകളെ ആലയിൽനിന്ന് പുറത്തുകൊണ്ടുവരുവാൻ കർത്താവ് ആലയിലേക്ക് ചെന്നു. തീർച്ചയായും, അവൻ ആടുകളെ മോഷ്ടിക്കുകയായിരുന്നില്ല. അവൻ യെഹൂദമതത്തിലേക്ക് ചെന്നത്, തന്റെ ആടുകൾ തന്റെ ശബ്ദം കേട്ട് ആലയിൽനിന്ന് പുറത്തുവരുന്നതിനായിരുന്നു. ആലയിൽനിന്ന് പുറത്തുവരുകയും തന്റെ ആടുകൾക്ക് മുമ്പായി നടക്കുകയും ചെയ്തുകൊണ്ട് അവൻ തന്റെ ആടുകളെ ആലയ്ക്ക് പുറത്തേക്ക് നയിച്ചു. കർത്താവ് യെഹൂദമതത്തിൽ നിന്ന്

പുറത്തുവന്നതിനു ശേഷം, യോഹന്നാൻ സ്നാപകൻ, തന്നെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ അതേ സ്ഥലത്തേക്ക് അവൻ ചെന്നു. യോർദ്ദാനക്കരെ മരുഭൂമിയിലേക്കുള്ള അവന്റെ പോക്ക്, തന്റെ യെഹൂദമതത്തിൽ നിന്നുള്ള പുറത്തുവരവിനും യെഹൂദമതത്തിനു പുറത്തുള്ള ഒരു സ്ഥലത്തേക്കുള്ള പോക്കിനും ഒരു അടയാളമായിരുന്നു.

പലരും അവന്റെ അടുക്കൽ ചെല്ലുകയും അവനിൽ വിശ്വസിക്കുകയും ചെയ്തുവെന്ന് ഈ അദ്ധ്യായം അവസാനമായി പറയുന്നു (10:41-42). ഇതിന്റെ പ്രാധാന്യം നിങ്ങൾക്കറിയാമോ? ആടുകൾ ഒരു ഇടയനെ അനുഗമിക്കുന്നതുപോലെ അനേകരും അവനെ അനുഗമിച്ചു എന്നാണ് ഇതിന്റെ ലളിതമായ അർത്ഥം. ആടുകളെ പുറത്തേക്ക് നയിക്കുവാൻ ആട്ടിൻതൊഴുത്തിലേക്ക് ചെന്ന ഇടയനാണ് അവൻ. ആലയിൽനിന്ന് അവൻ പുറത്തുവന്നപ്പോൾ, പഴയനിയമത്തെ ഉപേക്ഷിക്കുകയും പുതിയനിയമത്തെ മനസ്സിലാക്കുകയും ചെയ്യുന്നതിന്റെ സാക്ഷ്യമായിരുന്ന ഒരു സ്ഥലത്തേക്ക് ആടുകളെല്ലാം അവനെ അനുഗമിച്ചു. പഴയനിയമത്തിന്റെ സാക്ഷ്യം ആട്ടിൻതൊഴുത്തായിരുന്നു. എന്നാൽ പുതിയനിയമത്തിന്റെ സാക്ഷ്യം മേച്ചിൽപ്പുറമായ ക്രിസ്തുവാണ്. നിങ്ങൾ ഒരു ആടാണോ? മേച്ചിൽപ്പുറം തയ്യാറായിരിക്കുമ്പോൾ ആലയിൽ തുടരുവാൻ നിങ്ങൾ താല്പര്യപ്പെടുമോ? ആലയുടെ സൂക്ഷിപ്പിൻകീഴിൽ അടയ്ക്കപ്പെട്ടും സൂക്ഷിക്കപ്പെട്ടും ഇരിക്കുവാൻ പിന്നെയും നിങ്ങൾ ഇഷ്ടപ്പെടുമോ? അതോ, നിങ്ങൾ ആലയിൽനിന്ന് പുറത്തുവന്ന് ക്രിസ്തുവിന്റെ സമ്പത്തുകൾ ആസ്വദിക്കുവാൻ മേച്ചിൽപ്പുറത്തേക്ക് പോകുമോ? ഇന്ന്, കർത്താവായ യേശു യെഹൂദമതത്തിൽ മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോൾ ഇല്ല. നല്ല ഇടയൻ ഇനിമേലിൽ ആലയിലില്ല. പുതിയനിയമത്തിന്റെ സാക്ഷ്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നിടത്താണ് അവൻ നിലകൊള്ളുന്നത്. അവൻ ആല ഉപേക്ഷിച്ച് താൻ മേച്ചിൽപ്പുറം ആയിരിക്കുന്നിടത്ത് നിൽക്കുന്നു. അതുകൊണ്ട്, നിങ്ങളും ആല ഉപേക്ഷിക്കുകയും അവനിലേക്ക് വരുകയും വേണം. ഇതിനർത്ഥം നിങ്ങൾ"യെഹൂദമതം"ഉപേക്ഷിക്കുകയും നിങ്ങളുടെ എല്ലാമായി ക്രിസ്തുവിനെ സ്വീകരിക്കുവാൻ വരുകയും വേണം എന്നാണ്. അവൻ നിങ്ങൾക്ക് എല്ലാമാണ്. ആടുകളെ നോക്കൂ. മേച്ചിൽപ്പുറം അവയ്ക്കെല്ലാമാണ്. ആടുകൾ മേച്ചിൽപ്പുറത്തെ വിശ്രമസ്ഥലമായും ഭക്ഷണമായും വെള്ളമായും ജീവസഹായമായും മറ്റെല്ലാമായും ആസ്വദിക്കുന്നു. നിങ്ങളും ആലയിൽ നിന്ന് പുറത്തുവരുകയും മേച്ചിൽപ്പുറത്തേക്ക് പോകുകയും വേണം-അതായത്, നിങ്ങൾ "യെഹൂദമത"ത്തിൽനിന്ന് പുറത്തുവരുകയും ക്രിസ്തുവിലേക്ക് മാത്രം പോകുകയും വേണം. നിങ്ങൾ "ന്യായപ്രമാണ"ത്തിൽനിന്ന് പുറത്തുവരുകയും ക്രിസ്തുവിനെ ആസ്വദിക്കുന്നിടത്തേക്ക് പോകുകയും വേണം. ക്രിസ്തു ഇപ്പോൾ എവിടെയാണ്? ക്രിസ്തു യെഹൂദമതം പോലെയുള്ള കൂട്ടങ്ങൾക്ക് പുറത്തും, യോഹന്നാൻ സ്നാപകൻ അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയ ഇടത്തും ആണ്.

സൗഖ്യം പ്രാപിച്ച അന്ധനായ മനുഷ്യനെ സംബന്ധിച്ച സംഭവത്തിന്റെ പരിസമാപ്തിയായ ഈ അദ്ധ്യായത്തിന്റെ ശരിയായ അർത്ഥം ഇപ്പോൾ നിങ്ങൾക്കറിയാം. ക്രിസ്തു വരുന്നതിനു മുമ്പ്, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെല്ലാം ആലയിലായിരുന്നു. ഇപ്പോൾ ക്രിസ്തു വന്നതിനാൽ ആലയുടെ സമയം കഴിഞ്ഞു. ക്രിസ്തുവിലേക്ക് വരുവാനായി നിങ്ങൾ ആല വിടണം. ക്രിസ്തുവിനെ നിങ്ങളുടെ മേച്ചിൽപ്പുറമായി എടുക്കുവാനും അവനെ നിങ്ങളുടെ സർവ്വസ്വവുമായി ആസ്വദിക്കുവാനും ഉള്ള സമയം ഇപ്പോഴാണ്. നിങ്ങൾ അവനിൽ ജീവിക്കുകയും അവനെ നിങ്ങളുടെ എല്ലാമായി എടുക്കുകയും വേണം.

ഈ ചിത്രത്തെക്കുറിച്ച് ചിന്തിക്കുക. ആടുകളെയും മേച്ചിൽപ്പുറവും നോക്കി ആടുകൾക്ക് മേച്ചിൽപ്പുറം എത്രമാത്രം പ്രയോജനപ്രദമായിരിക്കുന്നു എന്നു കാണുക. നിങ്ങൾ വാസ്തവത്തിൽ ഒരു ആട് ആണെങ്കിൽ ആലയിൽനിന്ന് പുറത്തുകടക്കുവാൻ നിങ്ങൾ എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന് ആളുകളോട് നിങ്ങൾ പറയും; കാരണം അവിടെ ഏറെ ബന്ധനവും നിയന്ത്രണവും ഉണ്ട്. അവിടെ സ്വാതന്ത്ര്യമേയില്ല, കാരണം നിങ്ങൾ ഒരു സൂക്ഷിപ്പുകാരന്റെ അധീനതയിൽ ആയിരിക്കുന്നു. മേച്ചിൽപ്പുറവും സ്വാതന്ത്ര്യവും ജീവപ്പകർച്ചയും എവിടെയാണെന്ന് ഇപ്പോൾ നിങ്ങൾക്ക് അറിയാം.

ക്രിസ്തുവാണ് സർവ്വവും ഉൾക്കൊള്ളുന്ന മേച്ചിൽപ്പുറം. ആല ന്യായപ്രമാണവും യെഹൂദമതവുമാണ്. ആലയിൽനിന്ന് നിങ്ങളെ പുറത്തേക്ക് നയിക്കുകയും നിങ്ങൾക്ക് എല്ലാമായിരിക്കുവാൻ കഴിയുന്ന അവനിലേക്ക് നിങ്ങളെ കൊണ്ടുവരുകയും ചെയ്യുന്ന ഇടയൻ, ആലയുടെ പുറത്തേക്കുള്ള വാതിൽതന്നെയായ ക്രിസ്തുവാണ്. അവൻ ഇപ്പോൾ നിങ്ങളുടെ മേച്ചിൽപ്പുറമാണ്.

ഒരിക്കൽക്കൂടി ആവർത്തിക്കുവാൻ എന്നെ അനുവദിക്കുക. ക്രിസ്തു ഇപ്പോൾ എവിടെയാണ്? അവൻ യെഹൂദമതത്തിൽ അല്ല, പുതിയനിയമം സാക്ഷ്യപ്പെടുത്തുന്ന ഇടത്തുതന്നെയാണ്. യോഹന്നാൻ സ്നാപകൻ അവനെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയ ഇടത്താണ് ക്രിസ്തു. ഇത് വളരെ അർത്ഥവത്താണ്. കാരണം കർത്താവ് ഇപ്പോൾ ആലയ്ക്ക് പുറത്ത് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് അവൻ എല്ലാമായിരിക്കുന്ന ഒരു പുതിയ സ്ഥാനത്ത് നിൽക്കുകയാണ്. അതുകൊണ്ട്, നിങ്ങൾ പഴയ ആലയിൽനിന്ന് പുറത്തുവരുകയും ക്രിസ്തുതന്നെ നിങ്ങൾക്കെല്ലാമായിരിക്കുന്ന പുതിയ മേച്ചിൽപ്പുറത്തേക്ക് പോകുകയും വേണം.